# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: അജിത് ദാസ്.എ)

സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം ജോയിന്റ് ബിഡിഒ മാരുടെ സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. 1376/എസ്റ്റാ.ബി3/19/സിആർഡി                    തീയതി :16/08/2019

---

പരാമർശം: 1. 23.02.2019 ലെ 1376/എസ്റ്റാ.ബി3/19/സി.ആർ.ഡി. നമ്പർ സർക്കുലർ.
2. 30.07.2019-ലെ ഇതേ നമ്പർ നടപടിക്രമം.
3. പാലക്കാട് അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 03.08.2019 ലെ ആർ.ഡി.1/2549/19 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്കിലെ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്) ശ്രീമതി.മൃദുല.കെ.പി.യെ സൂചന (2) പ്രകാരം മലപ്പുറം ജില്ലയിൽ അരീക്കോട് ബ്ലോക്കിലേക്ക് സ്ഥലംമാറ്റി ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്) തസ്തികയിൽ നിയമിച്ചിരുന്നു. ടിയാളുടെ മകന് ജന്മനാൽ തന്നെ സെറിബ്രൽ പാൾസി എന്ന അസുഖമായതിനാൽ മകന്റെ സംരക്ഷണത്തിനായി ചിറ്റൂർ ബ്ലോക്കിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി സാഹചര്യത്തിൽ സഹതാപർഹമായ കാരണത്താലും ഭരണപരമായ സൗകര്യാർത്ഥവും ശ്രീമതി.മൃദുല.കെ.പി.യെ ചിറ്റൂർ ബ്ലോക്കിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്) തസ്തികയിൽ നിയമിച്ചും ടി ബ്ലോക്കിലെ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർ.എച്ച്) ശ്രീ.അബ്ദുൾ നാസർ.എ -യെ സ്ഥലംമാറ്റി നിലവിൽ ഒഴിവുളള പട്ടാമ്പി ബ്ലോക്കിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്) തസ്തികയിൽ നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു. സൂചന (2) പ്രകാരമുളള ഉത്തരവ് ടി ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ബന്ധപ്പെട്ട ഓഫീസ് മേധാവി സ്ഥലംമാറ്റം നൽകിയ ജീവനക്കാരെ പകരക്കാരെ കാത്തു നിൽക്കാതെ യഥാസമയം വിടുതൽ ചെയ്യേണ്ടതും/ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും പ്രസ്തുത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :-

1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2 ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), മാർക്ക്
3. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക്
4. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

എസ്.വി